**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2437 07/10/2016-ൽ മറുപടിയ്ക്ക്**

**പഴവങ്ങാടി പഞ്ചായത്തിൽ ഗ്യാസ് അധിഷ്ഠിത ക്രിമറ്റോറിയം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഴവങ്ങാടി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഗ്യാസ് അധിഷ്ഠിത ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്; എത്ര രൂപയാണ് നിർമ്മാണ ച്ചെലവ്; വിശദമാക്കാമോ; | (ബി) | പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫർണ്ണസ് റൂം, വരാന്ത, ഗ്യാസ് സ്റ്റോറേജ് റൂം, കോമ്പൗണ്ട് വാൾ എന്നിവ ഉൾപ്പെടുന്നു. 140.86 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടമാണ് ശ്മശാനത്തിനായി നിർമ്മിക്കുന്നത്. നിർമ്മാണ ചെലവ് 81,20,000/- രൂപയാണ്. |
| (സി) | ക്രിമിറ്റോറിയത്തിന്റെ നിർമ്മാണച്ചുമതല ഏതെങ്കിലും കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനിയുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കുമോ; ഇത്തരത്തിൽ നിർമ്മിക്കുന്ന ക്രിമറ്റോറിയത്തിന്റെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് അറിയിക്കുമോ; | (സി) | കോസ്റ്റ് ഫോർഡ് (സെന്റർ ഓഫ് സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്പ്മെന്റ്) തൃശ്ശൂർ എന്ന ഏജൻസി മുഖേനയാണ് ശ്മശാനം നിർമ്മിക്കുന്നത്. നിർമ്മാണത്തിനായി 115/2015-16 നമ്പറായി എഗ്രിമെന്റ് വച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ 20% തുക നൽകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതുമാണ്. പദ്ധതിയുടെ നടത്തിപ്പ് ചുമതല റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിനാണ്. |
| (ഡി) | ക്രിമറ്റോറിയം നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ സമ്മതപത്രം ലഭിച്ചിട്ടുണ്ടോ; എന്നാണ് ഇത് ലഭിച്ചത്; പഞ്ചായത്തുമായുള്ള കരാറിൽ എന്തൊക്കെ നിബന്ധനകളാണ് ഉള്ളതെന്ന് വിശദമാക്കാമോ? | (ഡി) | റാന്നി, റാന്നി അങ്ങാടി, ചെറുകോൽ, റാന്നി പഴവങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതിക്കായി മേൽ ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് ഡയറക്ടർക്ക് തീരുമാനമെടുത്ത് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**